**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1064** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭ ജലശേഖരത്തിന്റെ അളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂഗർഭ ജലശേഖരത്തിന്റെ അളവ് ഗണ്യമായി കുറയുന്നു എന്ന കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ റിപ്പോർട്ട് ഗൗരവത്തോടെ കാണുന്നുണ്ടോ; സംസ്ഥാനത്തെ ഭൂഗർഭ ജലശേഖരത്തിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ ഉണ്ടായ വ്യത്യാസം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭൂഗർഭ ജലശേഖരത്തിന്റെ അളവ് ഗണ്യമായി കുറയുന്നു എന്ന കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ റിപ്പോർട്ട് ഗൗരവത്തോടെ കാണുന്നുണ്ട്. സംസ്ഥാനത്തെ ഭൂജല സമ്പത്തിനെക്കുറിച്ച് നിശ്ചിത കാലയളവുകളിൽ കേന്ദ്ര ഭൂജല ബോർഡും, കേരള സംസ്ഥാന ഭൂജല വകുപ്പും സംയുക്തമായി പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച Ground Water Estimation റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുമാണ് ചെയ്തു വരുന്നത്. തുടക്കത്തിൽ 5 വർഷം എന്ന രീതിയിലും പിന്നീട് 3 വർഷം, 2 വർഷം എന്ന രീതിയിലും പ്രസ്തുത കണക്കെടുപ്പ് നടത്തിയിട്ടുള്ളതാകുന്നു. നിലവിൽ വർഷത്തിൽ ഒരിക്കൽ പ്രസ്തുത കണക്കെടുപ്പ് നടത്തുന്നു.<br><br>ഇതുമായി ബന്ധപ്പെട്ട അവസാന കണക്കെടുപ്പ് മാർച്ച് 2023 വരെ നടത്തിയിട്ടുണ്ട്. മാർച്ച് 2023ലെ റിപ്പോർട്ട് ദേശീയ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത റിപ്പോർട്ട് (Groundwater Resource Estimation) പ്രകാരം ഭൂജല ഉപഭോഗ തോതിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളെ അമിത ചൂഷിതം, ഗുരുതരം, ഭാഗിക ഗുരുതരം, സുരക്ഷിതം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ബ്ലോക്കുകളിൽ തുടർ വർഷങ്ങളിലെ റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ മുമ്പ് അമിതചൂഷിത ബ്ലോക്ക് ഗുരുതര വിഭാഗത്തിലേക്കും, ഭാഗിക ഗുരുതര ബ്ലോക്കുകളിൽ ആയിരുന്ന മേഖലകൾ സുരക്ഷിത വിഭാഗത്തിലേക്കും, തിരിച്ചും മാറുന്ന പ്രവണത കണ്ടുവരുന്നുണ്ട്. പ്രധാനമായും ബ്ലോക്കുകളിൽ ലഭ്യമാകുന്ന മഴയുടെ ഏറ്റക്കുറച്ചിലുകളും, ഭൂപ്രകൃതി, ഭൂജലത്തിന്റെ വിവിധ ഉപയോഗങ്ങൾ, ഭൂജല ശാസ്ത്രം, ഭൂജല സംപോഷണം, ഭൂജല വിതാനത്തിൽ വന്ന ഏറ്റക്കുറച്ചിലുകൾ, ഭൂജല ഗുണനിലവാരം എന്നീ ഘടകങ്ങളിൽ ലഭ്യമാകുന്ന ഡാറ്റയുടെ |

<table>
<tr><td></td><td></td><td></td><td>അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ പഠനങ്ങൾ നടത്തി, ബ്ലോക്ക് അടിസ്ഥാനത്തിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ച വരുന്നത്.<br><br><table><tr><th>റിപ്പോർട്ട് പ്രസിദ്ധീകരിച്ച വർഷം</th><th>വാർഷിക ഭൂജല ലഭ്യത</th></tr><tr><td>മാർച്ച് 2013</td><td>5.65 Billion Cubic Meter (BCM)</td></tr><tr><td>മാർച്ച് 2017</td><td>5.21 Billion Cubic Meter (BCM)</td></tr><tr><td>മാർച്ച് 2020</td><td>5.12 Billion Cubic Meter (BCM)</td></tr><tr><td>മാർച്ച് 2022</td><td>5.19 Billion Cubic Meter (BCM)</td></tr><tr><td>മാർച്ച് 2023</td><td>5.01 Billion Cubic Meter (BCM)</td></tr></table><br>മാർച്ച് 2013 മായി മാർച്ച് 2023 ലെ റിപ്പോർട്ട് വിശകലനം ചെയ്യുമ്പോൾ ഭൂജല സമ്പത്തിൽ 11% കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>പ്രധാനമായും കാലാവസ്ഥ വ്യതിയാനം മൂലം മഴയുടെ രീതിയിൽ വന്ന മാറ്റം, കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി, ഭൂവിനിയോഗ രീതിയിൽ വന്ന മാറ്റങ്ങൾ, ഇതുമൂലം ഭൂജല സംപോഷണത്തിൽ വന്ന കുറവ് എന്നീ കാരണങ്ങൾ മൂലമാണ് ഭൂജലസമ്പത്തിൽ കുറവ് സംഭവിക്കുന്നത്.</td></tr>
<tr><td>(ബി)</td><td>ഭൂഗർഭ ജലവിതാനത്തിൽ സുരക്ഷിത യൂണിറ്റുകളായി കണക്കാക്കിയിരുന്ന കോഴിക്കോട്, ശാസ്താംകോട്ട, വർക്കല എന്നിവിടങ്ങൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലേക്ക് മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജലവിതാനം സമ്പുഷ്ടമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂജല സംരക്ഷണം ഉറപ്പ വരുത്താൻ 'ഭൂജല സംരക്ഷണവും, സംപോഷണവും' എന്ന പ്ലാൻ പദ്ധതി സംസ്ഥാനത്തു ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. പൊതുസ്ഥാപനങ്ങളിലാണ് വകുപ്പ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച വരുന്ന ജൽ ശക്തി അഭിയാൻ - ക്യാച്ച് ദി റെയിൻ പ്രോഗ്രാമും സംസ്ഥാനത്തു വിപുലമായി നടപ്പിലാക്കി വരുന്നു. ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ വിഭാഗത്തിലെ ബ്ലോക്കുകളിൽ ഊർജിതമായി ശാസ്ത്രീയമായി റീചാർജ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് മുഖേന സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>(സി)</td><td>കേരളത്തിൽ എത്ര കുഴൽ കിണറുകൾ ഉണ്ട് എന്ന കണക്ക് ലഭ്യമാണോ ; എങ്കിൽ ജില്ല തിരിച്ച് എണ്ണം</td><td>(സി)</td><td>വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **കുഴൽക്കിണർ നിർമ്മിച്ചതിന്റെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 3642 |
| കൊല്ലം | 2100 |
| പത്തനംതിട്ട | 1642 |
| ആലപ്പുഴ | 2368 |
| കോട്ടയം | 2148 |
| ഇടുക്കി | 1513 |
| എറണാകുളം | 567 |
| തൃശ്ശൂർ | 1302 |
| പാലക്കാട് | 3963 |
| മലപ്പുറം | 3955 |
| വയനാട് | 1419 |
| കോഴിക്കോട് | 1468 |
| കണ്ണൂർ | 2233 |
| കാസർഗോഡ് | 3368 |

**സെക്ഷൻ ഓഫീസർ**